# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## (സംഗ്രഹം)

സ്കീം പരിഷ്കരണം - സി.ബി.സി.എസ്.എസ് - ബി.എ ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ് 2015 അഡ്മിഷൻ -റിസൾട്ട് പ്രസിദ്ധീകരണം - വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ9 സെക്ഷൻ

സ.ഉ.നം. 8508/എസി.എ9/റിസൾട്ട്പ്രസിദ്ധീകരണം/Animation and Visual Effects /2018 തീയതി:03/12/2018

---

പരാമർശം : 1) 15.09.2018 തീയതിയിൽ കൂടിയ,CBCSS (2013 റഗുലേഷൻ) - BA Animation and Visual Effects പ്രോഗ്രാമിന്റെ വിദഗ്ദ്ധ സമിതി യോഗത്തിന്റെ മിനിറ്റ്സ്

2) 1.12.2018 തീയതിയിലെ, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം 15.09.2018 തീയതിയിൽ ചേർന്ന B.A Animation and Visual Effects പ്രോഗ്രമിന്റെ വിദഗ്ദ്ധ സമിതി,ടി പ്രോഗ്രാമിന്റെ റിസൾട്ട് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ശിപാർശകൾ സമർപ്പിച്ചു.

1) CBCSS (2013 റഗുലേഷൻ) B.A Animation and Visual Effects പ്രോഗ്രാമിന്റെ Scheme & Syllabus ൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തുക.

| Semester | Course Title | Change |
|---|---|---|
| I | a) MM01BAC01: Art and Visual Perception I<br>b) MM01ABC02: Computer Fundamentals (Practical) | Common Course → Core Course<br>Common Course → Core Course |
| II | a) MM02BAC01: Art and Visual Perception II<br>b) MM02BAC03: History of Animation (Practical) | Common Course → Core Course<br>Common Course → Complementary Course |
| VI | a) MM06BAI01: Internship I, Internship II(P)<br>b) VE06CR05-Project Exhibition and Seminar | Core Course → OJT<br>Credit, 1 → 3<br>Credit, 5 → 4 |

2. BA Animation and Visual Effects എന്ന പ്രോഗ്രാം, ഈ വിദഗ്ധ സമിതി രൂപപ്പെടുന്നതിനും മുൻപ്, 2013ൽ യൂണിവേഴ്സിറ്റി അംഗീകരിച്ച് 2014-ൽ അഡ്മിഷൻ തുടങ്ങിയ പ്രോഗ്രാമാണെന്നും, നിലവിൽ 2 കോളേജുകളിൽ മാത്രമാണ് ഈ പ്രോഗ്രാം നടക്കുന്നതെന്നും 2014, 2015, 2016 ബാച്ച് കുട്ടികൾ മാത്രമാണ് ഈ പ്രോഗ്രാം പഠിക്കുന്നതെന്നും സമിതി പറഞ്ഞിട്ടുണ്ട്. ഈ പ്രോഗ്രാമിന് I & II സെമസ്റ്ററുകളിൽ നിന്നും 2 കോമൺ കോഴ്സുകളിൽ 8 ക്രെഡിറ്റ് വേണ്ടിടത്ത്, I-ാം സെമസ്റ്ററിലെ ഒരു കോമൺ കോഴ്സിൽ 4 ക്രെഡിറ്റ് മാത്രമേ നിലവിൽ ഉള്ളൂ. ആയതിനാൽ ഈ പ്രോഗ്രാമിനെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മോഡൽ I, II, III എന്നീ വിഭാഗങ്ങളിൽപ്പെടുത്താൻ സാധിക്കുകയില്ലെന്നും, നിലവിൽ 2 ബാച്ച് കുട്ടികൾ ഈ പ്രോഗ്രാം പഠിച്ചിറങ്ങുകയും, ഒരു ബാച്ച് അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതുതായി കോമൺ കോഴ്സ് ഉൾപ്പെടുത്താൻ സാധിക്കുകയില്ലെന്നും ആയതിനാൽ Model IV " എന്ന ഒരു താൽക്കാലിക വിഭാഗത്തിൽ ഈ പ്രോഗ്രാമിനെ ഉൾപ്പെടുത്തി കുട്ടികളുടെ ഭാവി സുരക്ഷിതമാക്കണമെന്ന് ശിപാർശ ചെയ്തിരിക്കുന്നു. 2017 അഡ്മിഷൻ മുതൽ CBCS Model III സിലബസ് ആണ് ഉപയോഗിക്കുന്നത്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ 2014 അഡ്മിഷൻ മുതൽ 2016 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികളെ മാത്രം ബാധിക്കുന്നതാണെന്നും സമിതി ശിപാർശ ചെയ്തിരിക്കുന്നു.

വിദഗ്ധ സമിതിയുടെ മേൽ ശിപാർശകൾ, പരാമർശം (2) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10(17) പ്രകാരം, 1.12.2018 ൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/
ദിലീപ് കുമാർ. ആർ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1) ശ്രീ.ജീൻ സെബാസ്റ്റ്യൻ, വിദഗ്ദ്ധ സമിതി കൺവീനർ BA Animation and Visual Effects
2) വിസി/പിവിസി യുടെ പി.എസ്
3) രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ
4) ജെ.ആർ 2/ഡി.ആർ2/എ.ആർ3 (അക്കാദമിക്)
5) ജെ.ആർ1/ഡി.ആർ4 / എ.ആർ14 (പരീക്ഷ)
6) സി ബി സി എസ് എസ് 5/23/എസിസി2/എസി.എൽ വിഭാഗം
7) കണ്ടന്റ് മാനേജ്മെന്റ് വിഭാഗം (സ്കീമിന്റെ പകർപ്പ് സഹിതം വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)
8) സിസ്റ്റം മാനേജർ/ഐ.ക്യു.എ.സി
9) സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ